ആദ്ധ്യാത്മിക പ്രേമത്തിന്റെ നറുമണം

ഹൃദയത്തിന്റെ പ്രസക്തി, അത് തിരിച്ചറിയുമ്പോൾ

പൂജ്യ ദാജിയുടെ

71ആം ജന്മദിനത്തോടനുബന്ധിച്ച് 2026 സെപ്റ്റംബർ 28ന് കൻഹ ശാന്തി വനത്തിൽ നൽകിയ സന്ദേശം

ആദ്ധ്യാത്മിക പ്രേമത്തിന്റെ നറുമണം

ഹൃദയത്തിന്റെ പ്രസക്തി, അത് തിരിച്ചറിയുമ്പോൾ

പ്രിയ സുഹൃത്തുക്കളേ,

യാത്രയുടെ അകക്കാമ്പിലാണ് സ്നേഹം കുടികൊള്ളുന്നത് എന്ന് ആദ്ധ്യാത്മിക സമ്പ്രദായങ്ങളെല്ലാം പറയുന്നു. നമ്മളത് തലകുലുക്കി സമ്മതിക്കുന്നു, മനസ്സിലായിയെന്നു ഭാവിക്കുകയും ചെയ്യുന്നു. എന്നാൽ അങ്ങിനെയാണോ കാര്യങ്ങളുടെ കിടപ്പ്? സ്നേഹം, വികസിതമായി നറുമണം പരത്തുന്ന പ്രക്രിയ വെളിപ്പെട്ടുവരുന്ന ഘട്ടംഘട്ടമായുള്ള വളർച്ച ഈ സന്ദേശത്തിലൂടെ നമുക്ക് പരിശോധന വിധേയമാക്കാം. എന്നാൽ, വികസിതമാവുന്ന നറുമണത്തിന്റെ പ്രകൃതമെങ്ങിനെയാവും എന്നാണ് നാം ആദ്യമായി പരിഗണിക്കേണ്ടത്. നറുമണം പരത്തുന്ന പ്രക്രിയ പുഷ്പം സ്വയം തിരഞ്ഞെടുക്കുന്നതാണോ? അതെന്താവാനാണോ, അതായിമാറുമ്പോൾ സ്വാഭാവികമായി പുഷ്പം നറുമണം പരത്തുന്നതാണല്ലോ രീതി. കവിഞ്ഞൊഴുകലാണ് സുഗന്ധമാവുന്നത്. ആത്മീയതയിൽ, സ്നേഹവും അതുപോലൊരു കവിഞ്ഞൊഴുകലാണ്.

കഴിഞ്ഞ ഒമ്പത് സന്ദേശങ്ങളിലുടനീളം, വിഭജിക്കപ്പെട്ട ഹൃദയം എന്നതിൽ തുടങ്ങി, പിന്നീട് പൂർണ്ണതയ്ക്കും വികാസത്തിനും പ്രതിബന്ധമാവുന്നവയെക്കുറിച്ചും, അവയെങ്ങിനെ മറികടക്കാമെന്നതിനെക്കുറിച്ചും നാം പരിശോധന നടത്തുകയുണ്ടായി. ലക്ഷ്യബോധത്തെ മരവിപ്പിച്ച

ജഡത്വം, അടിത്തറയെ ദുർബ്ബലമാക്കിയ സംശയം, പരിധികൾ കെട്ടിപ്പടുത്ത അഹങ്കാരം, നമ്മുടെ സൂക്ഷനിരീക്ഷണ പാടവത്തെ വശങ്ങളിലേക്ക് വഴിതിരിച്ചുവിട്ട അസൂയ, കാഴ്ചപ്പാടുകളെ സ്വാധീനിച്ചുകൊണ്ടിരുന്ന മുൻവിധി, ഉള്ളിൽ നിന്നും വാതിലടച്ചുപൂട്ടിയ ഭയം എന്നിവയായിരുന്നു ആ തടസ്സങ്ങൾ. പുഴ സ്വന്തം പേര് തിരിച്ചറിയുന്നു എന്ന സന്ദേശത്തിൽ, വാതിലുകൾ തുറക്കപ്പെട്ടപ്പോൾ, ഭയം വിശ്വാസത്തിനു വഴിമാറി. വിത്ത് പാകുന്നതിന് മുൻപ് നിലം ഒരുക്കുക എന്നതിൽ വിശ്വാസം നിലമൊരുക്കുന്നത് നാം കണ്ടു. പത്താമതായുള്ള ഈ സന്ദേശം സ്വാഭാവികമായ, അടുത്ത പടിയാണ്. വിശ്വാസത്താൽ സ്വീകാര്യക്ഷമമായൊരു ഹൃദയത്തിലേക്ക് ദൈവകൃപ ഒഴുകിയെത്തുന്നതെങ്ങിനെയെന്നാണ് നാമിവിടെ പരിശോധിക്കുന്നത്. കൃപയാൽ നിറക്കപ്പെടുന്നതെല്ലാം സ്നേഹമായി മാറും. തന്റെ സ്രോതസ്സിനെ തിരിച്ചറിയുന്ന സ്നേഹം ഭക്തിയായി മാറും.

ഏറ്റവുമധികം അധരവ്യായാമം നടത്തപ്പെടുന്നവയിൽപ്പെടുന്ന ഒന്നാണ് സ്നേഹം; അതേസമയം തെറ്റിദ്ധരിക്കപ്പെട്ടതും. നവജാതശിശുവിനെ കയ്യിലുയർത്തുന്ന മാതാവിന്റെ വികാരത്തെ അത് ആഖ്യാനിക്കുന്നു, ആദ്യാകർഷണത്തിന്റെ ആവേശത്തിൽ യുവാവിനുണ്ടാകുന്ന അനുരാഗം, രാജ്യസ്നേഹിക്ക് തന്റെ രാജ്യത്തോടുള്ള വികാരം, ഒരു ഭക്തന് ദൈവത്തോടുള്ള ഭക്തി – എന്തിന്, നല്ല ഒരു കപ്പ് കാപ്പി ആസ്വദിക്കുമ്പോൾ ഉണ്ടാകുന്ന അനുഭൂതി പോലും അത്തരത്തിൽ സ്നേഹമായി കണക്കാക്കപ്പെടുന്നു. മിക്കവാറുമെല്ലാത്തിനേയും ഉൾക്കൊള്ളുന്നവിധം നാം ആ വാക്കിനെ വിപുലീകരിച്ചിരിക്കുന്നു.

അങ്ങിനെയെങ്കിൽ, ആദ്ധ്യാത്മികലോകത്ത് സ്നേഹമെന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്താണ്? നമ്മുടെ വിശ്വാസമോ നാം ചരിക്കുന്ന മാർഗമോ ദൈവത്തെക്കുറിച്ചുള്ള നമ്മുടെ സങ്കൽപ്പമോ പിന്തുടരാത്തവരെ നാം എപ്രകാരം വിലയിരുത്തുന്നുവെന്നത് ആത്മീയ സ്നേഹത്തിന്റെ ലളിതമായ ഒരു പരീക്ഷണമാകും. വ്യത്യസ്ത രീതിയിലാണ് അവർ

ദൈവത്തെ ആരാധിക്കുന്നത് എന്നതുകൊണ്ട് നാമവരെ ഒഴിവാക്കു ന്നുവെങ്കിൽ, നമുക്കുള്ളിൽ ഇതുവരെ വിടരാത്ത സ്നേഹമായേ അതിനെ കണക്കാക്കാനാവൂ. യഥാർത്ഥത്തിൽ നാം സ്നേഹിക്കുന്നവരെങ്കിൽ, ദൈവസൃഷ്ടികളെയൊന്നും നമുക്ക് ഒഴിവാക്കാനാവില്ല. മറ്റുള്ളവരോട് സഹിഷ്ണുതയുള്ളവരാവുക എന്നത് തുടക്കം മാത്രമാണ്. എല്ലാവരേയും അംഗീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുക എന്നത് കുറച്ചുകൂടി ആഴ മുള്ളതാവും. എല്ലാവരിലും ഒരുപോലെ നിറവാർന്നിരിക്കുന്ന പവിത്രമായ സത്തയെ തിരിച്ചറിഞ്ഞ് അംഗീകരിക്കുന്നതാവും യഥാർത്ഥ സ്നേഹം.

ഹൃദയത്തിൽ അഗാധമായ പരിവർത്തനം സംഭവിക്കുമ്പോഴാണ് ആത്മീയ പ്രണയം ഉദയം ചെയ്യുന്നത്. ആ പരിവർത്തനം മനോഹര മായ ഒരു ക്രമത്തിലൂടെയാണ് വികസിക്കുന്നത്:

തീവ്രാഭിലാഷത്തിലൂടെ (Longing), ശ്രദ്ധായിലേക്കും, സ്വീകരണസന്ന ദ്ധതയിലേക്കും (Receptivity), കൃപാകടാക്ഷത്തിലേക്കും (Grace), സ്നേ ഹമായി (Love) പരിണമിക്കുന്നതിലേക്കും, ഭക്തിയായി (Devotion) മാറുന്നതിലേക്കുമുള്ള പരിണാമക്രമം.

ഓരോ ചുവടും അടുത്തപടിയിലേക്കുള്ള തയ്യാറെടുപ്പായി മാറും. വിത്തിൽ പൂവും, പൂവിൽ സുഗന്ധവും മറഞ്ഞിരിക്കുന്നതുപോലെ, അവയിലോരോ ന്നും അതിനു തൊട്ടുമുമ്പുള്ളതിൽ ഒളിഞ്ഞിരിക്കുകയാണ്.

തീവ്രാഭിലാഷം, ആദ്യ ചുവട്

ധ്യാനിക്കുന്നതിനു മുൻപ്, ദൈവത്തെ ബോധപൂർവ്വം തേടുന്നതിന് മുൻപ്, ഒരുതരം അസ്വസ്ഥത പലപ്പോഴും പ്രകടമാവാറുണ്ട്; എന്തോ ഒന്ന് കളഞ്ഞുപോയിരിക്കുന്നുവെന്ന തോന്നൽ. ആശ്വാസവും നേട്ട ങ്ങളും കുടുംബവും അംഗീകാരവും അറിവും, സംതൃപ്തി നൽകുന്ന മറ്റെ ല്ലാതും നമുക്കുണ്ടായേക്കാം; എന്നാലും ഉള്ളിൽ ഉത്തരം കിട്ടാത്ത ഒരു വിങ്ങൽ അവശേഷിക്കും.

കൂടുതൽ തിരക്കുള്ളവരായി ഭാവിച്ച് നാമത് മറയ്ക്കാൻ ശ്രമിക്കും. കൂടുതൽ സമ്പാദിച്ചും യാത്രകൾ നടത്തിയും സ്വയം സന്തോഷിപ്പിച്ചും വിങ്ങലില്ലെന്നു വരുത്താനുള്ള ശ്രമവുമുണ്ടാവും. ബന്ധങ്ങളും നേട്ടങ്ങളും ആത്മീയാനുഭവങ്ങൾ ഉൾപ്പെടെയുള്ള അനുഭവജ്ഞാനവും തേടും. എന്നിട്ടും ആ ആത്മവേദന മടങ്ങിയെത്തുന്നു. ഇനി, ആ വേദന നമുക്കൊരു പ്രശ്നമല്ലെന്നു വരുകിലോ? അതൊരു ക്ഷണമാണെങ്കിലോ?

മണ്ണിൽ വിതച്ച വിത്ത്, താൻ ഒരിക്കലും കണ്ടിട്ടില്ലാത്ത സൂര്യനോട് പ്രതികരിക്കുന്നു. വളർച്ചയിലേക്കും പൂർണ്ണതയിലേക്കും നയിച്ചുകൊണ്ട് മുകളിലേക്കെങ്ങിനെ നീങ്ങാനാവുമെന്ന് അദൃശ്യമായ ബുദ്ധിയ്ക്കറിയാം. നമുക്കുള്ളിലുള്ള തീവ്രാഭിലാഷമാണ് ആ ചലനം സൃഷ്ടിക്കുന്നത്. നമുക്ക് ലക്ഷ്യത്തെക്കുറിച്ച് ഒന്നുമറിയില്ല, എങ്കിലും എന്തോ ഒന്ന് നമ്മെ ആകർഷിക്കുന്നു. നാമിതുവരെ തൊട്ടറിഞ്ഞിട്ടില്ലാത്തൊരു ആഴം ജീവിതത്തിനുണ്ടെന്ന് നാം തിരിച്ചറിയുന്നു. നാമിതുവരെ സാക്ഷാത്കരിക്കാത്തൊരു സത്യമുണ്ട്, എത്തിച്ചേരാത്തൊരു ഭവനവുമുണ്ട്. ഈ അതികാംക്ഷയോടെയാണ് ആത്മീയ യാത്രയ്ക്ക് തുടക്കമാവുന്നത്. തീവ്രാഭിലാഷത്തിനൊരു ദിശ കൈവരുമ്പോളത് ശ്രദ്ധയായി മാറുന്നു.

ഹൃദയത്തിൽ അഗാധമായ പരിവർത്തനം സംഭവിക്കുമ്പോഴാണ് ആത്മീയ പ്രണയം ഉദയം ചെയ്യുന്നത്. ആ പരിവർത്തനം മനോഹരമായ ഒരു ക്രമത്തിലൂടെയാണ് വികസിക്കുന്നത്: തീവ്രാഭിലാഷത്തിലൂടെ (Longing), ശ്രദ്ധയിലേക്കും, സ്വീകരണസന്നദ്ധതയിലേക്കും (Receptivity), കൃപാകടാക്ഷത്തിലേക്കും (Grace), സ്നേഹമായി (Love) പരിണമിക്കുന്നതിലേക്കും, ഭക്തിയായി (Devotion) മാറുന്നതിലേക്കുമുള്ള പരിണാമക്രമം.

ശ്രദ്ധാ – ഹൃദയമെവിടെയാണോ സ്ഥാപിതമായിരിക്കുന്നത്, അവിടെ

വിത്ത് പാകുന്നതിന് മുൻപ് നിലം എന്നതിൽ നാം ശ്രദ്ധായെന്തെന്ന് വിശദീകരിച്ചു. സാധാരണയായി അത് 'വിശ്വാസം' എന്നാണ് മൊഴിമാറ്റം ചെയ്യപ്പെടാറ്; വിശ്വാസം എന്ന പദം ഒരിക്കലും ശ്രദ്ധായുടെ അർത്ഥഭംഗി പ്രകാശിപ്പിക്കാറില്ലെങ്കിലും. അസാദ്ധ്യം/ അപ്രായോഗികം എന്നു കരുതുന്നതിനേക്കാൾ മഹത്തരമായതാണ് ശ്രദ്ധാ എന്നത്. നിഷ്ക്രിയമായ സ്വീകാര്യതയെക്കാളും, അന്ധമായ അനുസരണയെക്കാളും, ബുദ്ധിയുടെ താൽക്കാലിക മാറ്റിവെക്കലിനേക്കാളും അപ്പുറമാണത്. മനുഷ്യന്റെ സമഗ്രമായ അസ്തിത്വത്തിന്റെ ഒരു ചലനമാണിത്. ഹൃദയത്തെ പ്രതിഷ്ഠിക്കുകയോ ഹൃദയവ്യവസ്ഥ നടത്തുകയോ ചെയ്യുക എന്നൊരു നിർദ്ദേശം അതുൾക്കൊള്ളുന്നുണ്ട്.

'ഹൃദയത്തെ ഞാനെവിടെയാണ് പ്രതിഷ്ഠിക്കേണ്ടത്' എന്നത്, 'ഞാൻ വിശ്വസിക്കുന്നതെന്ത്?' എന്നതിനേക്കാൾ അർത്ഥവത്തായതാണ്. ഹൃദയത്തിനൊരു സ്ഥാനം നൽകിക്കൊണ്ട് നാം ദൈവത്തിൽ വിശ്വാസമർപ്പിച്ചേക്കാം. ഹൃദയത്തെ അംഗീകരിക്കുകയും അതേസമയം ആത്മീയതയെക്കുറിച്ച് ഒരുപാട് സംസാരിക്കുകയും ചെയ്തേക്കാം. കൈവശമുള്ള വസ്തുക്കളിൽ ഹൃദയമർപ്പിക്കുകയും, ലാളിത്യത്തെ നാം പ്രകീർത്തിക്കുകയും ചെയ്തേക്കാം. പ്രതികാരചിന്തകൾക്ക് പ്രാധാന്യം നൽകുകയും സ്നേഹത്തെക്കുറിച്ച് പ്രഭാഷണം നടത്തുകയും ചെയ്തേക്കാം.

ഭഗവത് ഗീത ഇപ്രകാരം പ്രതിപാദിക്കുന്നു:

> *śraddhā-mayo 'yaṁ puruṣo*
> *yo yac-chraddhaḥ sa eva saḥ*

> ഒരുവൻ, തന്റെ വിശ്വാസങ്ങളാൽ (ശ്രദ്ധായാൽ) രൂപപ്പെടുത്തപ്പെട്ടവനാണ്; അവന്റെ ശ്രദ്ധായുടെ മൂല്യമെങ്ങിനേയോ അപ്രകാരമാവും അവനും.

മറ്റൊരുതരത്തിൽ പറഞ്ഞാൽ, ശ്രദ്ധായാണ് നമ്മെ രൂപപ്പെടുത്തുന്നത്. ഹൃദയത്തിൽ തുടർച്ചയായി എത്തിച്ചേരുന്നതനുസരിച്ച് നാം രൂപപ്പെടുത്തപ്പെടുന്നു. ശ്രദ്ധായും വിശ്വാസവും ആഗ്രഹവും സ്നേഹവും അർപ്പിച്ചുകൊണ്ട് നാം ആദരിക്കുന്നതെന്തോ, അതുതന്നെയായി നാം മാറുന്നു.

'ശ്രദ്ധാ' എന്നത്, താൽപ്പര്യം, ആദരവ്, അഭിലാഷം, അല്ലെങ്കിൽ എല്ലാ ദിവസവും രാവിലെ ഇരുന്ന് അന്തർമുഖരായിത്തീരാനുള്ള ലളിതമായ സന്നദ്ധത തുടങ്ങിയ രീതികളിലൂടെയാവും തുടക്കത്തിൽ പ്രത്യക്ഷമാവുക. പോഷിപ്പിക്കപ്പെടുമ്പോൾ അത് ആഴമുള്ളതാകുന്നു. പൊരുത്തപ്പെടലായി ആരംഭിക്കുന്നത്, ആകർഷണമായി പരിണമിക്കുന്നു; ആകർഷണം അടുപ്പമായി മാറുന്നു. ആ അടുപ്പം സ്നേഹത്തിലേക്കു വഴിയൊരുക്കുന്നു.

എവിടെ വിശ്രമിക്കണമെന്ന് ഹൃദയം തിരിച്ചറിയുന്നതാണ് ശ്രദ്ധാ. തന്റെ സ്ഥാനം കണ്ടെത്തുമ്പോൾ അവിടേക്കൊഴുകുന്ന ഒന്നാണ് സ്നേഹം; സ്നേഹമാണെന്ന് സ്വയം തിരിച്ചറിയുന്നതിന് മുൻപുള്ള സ്നേഹമാണ് 'ശ്രദ്ധാ' എന്നുപോലും നമുക്ക് പറയാം. "ഞാൻ അന്വേഷിക്കുന്നത് എവിടെയാണ്?" എന്ന് തീവ്രമായ ആഗ്രഹം ചോദിക്കുന്നു. ഹൃദയത്തെ ആ ദിശയിലേക്ക് തിരിച്ചുനിർത്തിക്കൊണ്ട് 'ശ്രദ്ധാ' അതിന് മറുപടി നൽകുന്നു. അങ്ങനെ ഹൃദയം ആ ദിശയിൽ വീണ്ടും വീണ്ടും ഉറപ്പിച്ചുനിർത്തുമ്പോൾ ഹൃദയത്തിന് വികാസം സംഭവിക്കുന്നു. ഗ്രഹിക്കാനുള്ള ഒരു തുറന്ന ഭാവമായി ശ്രദ്ധാ പരിണമിക്കുന്നു.

സ്വീകാര്യത, അനാവരണം ചെയ്യാനുള്ള ധൈര്യം

ചുരുട്ടിപ്പിടിച്ച മുഷ്ടി പോലെ, അടഞ്ഞ ഹൃദയത്തിനും ഒന്നും സ്വീകരിക്കാനാവില്ല. നമുക്ക് കൃപയ്ക്കായി അപേക്ഷിക്കാം, പരിവർത്തനത്തിനായി പ്രാർത്ഥിക്കാം, ഉന്നതമായതിനെ തേടാം, എല്ലാ ദിവസവും രാവിലെ ധ്യാനത്തിലിരിക്കാം; എന്നാൽ അകമേ നമ്മുടെ ഇഷ്ടാനിഷ്ടങ്ങളോട് ഒട്ടിപ്പിടിച്ചുനിൽക്കുന്നത് നാം തുടർന്നുകൊണ്ടിരിക്കുന്നു. ഒരു പരിശീലനമെന്ന നിലയിൽ സ്വയം ചോദിക്കുക: 'അസ്വസ്ഥതകളില്ലാത്ത

‘ശ്രദ്ധ’ എന്നത്, താൽപ്പര്യം, ആദരവ്, അഭിലാഷം, അല്ലെങ്കിൽ എല്ലാ ദിവസവും രാവിലെ ഇരുന്ന് അന്തർമുഖരായിത്തീരാനുള്ള ലളിതമായ സന്നദ്ധത തുടങ്ങിയ രീതികളിലൂടെയാവും തുടക്കത്തിൽ പ്രത്യക്ഷമാവുക. പോഷിപ്പിക്കപ്പെടുമ്പോൾ അത് ആഴമുള്ളതാകുന്നു. പൊരുത്തപ്പെടലായി ആരംഭിക്കുന്നത്, ആകർഷണമായി പരിണമിക്കുന്നു; ആകർഷണം അടുപ്പമായി മാറുന്നു. ആ അടുപ്പം സ്നേഹത്തിലേക്കു വഴിയൊരുക്കുന്നു.

ഒരു പരിവർത്തനമാണോ ഞാൻ ആഗ്രഹിക്കുന്നത്? നിയന്ത്രണം കൈവിടാതെ തന്നെ എന്നെ സമർപ്പിക്കാനാണോ? അതോ, ജീവിതരീതിയിൽ വലിയ മാറ്റങ്ങളൊന്നും വരുത്താതെ തന്നെ ആ അനന്തതയെ പ്രാപിക്കാനോ? മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഞാൻ എന്റേതായ രീതിയിലാണോ ആ ദിവ്യസാന്നിധ്യത്തെ ആഗ്രഹിക്കുന്നത്?’

ശ്രദ്ധ ഇതിൽ ക്രമേണ മാറ്റം വരുത്തുന്നു. വിശ്വാസം ആഴത്തിലാകുമ്പോൾ, സ്വയം പ്രതിരോധത്തിന്റെ ആവശ്യം കുറയുന്നു. തുടർന്നുണ്ടാകുന്ന കാര്യങ്ങളെ നിയന്ത്രിക്കാനുള്ള നമ്മുടെ പ്രവണതയും കുറയുന്നു. ഇതാണ് സ്വീകാര്യത അഥവാ ആന്തരികമായ സന്നദ്ധത; ഹൃദയത്തിന് സ്വയം സൃഷ്ടിക്കാൻ കഴിയാത്തതിനെ സ്വീകരിക്കാനുള്ള തയ്യാറെടുപ്പ്. ദൈവികമായ പ്രവാഹത്തെ സ്വീകരിക്കാൻ നാം സജ്ജരാകുന്നു. കൃപയുടെ ദാനം സ്വീകരിക്കാൻ പാകത്തിൽ നാം നമ്മുടെ അന്തരംഗത്തെ സജ്ജമാക്കുന്നു. ഇതാണ് ആത്മീയപരിശീലനത്തിന്റെ ഉദ്ദേശ്യം.

അധിനിവേശക്കാരനെ സ്വീകരിക്കാനുള്ള തയ്യാറെടുപ്പ്

നമുക്ക് നൽകപ്പെടുന്നതിനെക്കുറിച്ച് വിവരിക്കാൻ ബാബുജിയുടെ ശ്രദ്ധേയമായ ഒരു പ്രയോഗമുണ്ട്. ‘അധിനിവേശക്കാരന്’ വേണ്ടിയുള്ള കളമൊരുക്കുന്നതിനെക്കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്.

സാധാരണഗതിയിൽ, ഒരു കടന്നുകയറ്റക്കാരൻ അസ്വീകാര്യനാണ്; എന്നാൽ ഇവിടെ അർത്ഥം തികച്ചും വ്യത്യസ്തമാണ്. അനുകൂലമായ സാഹചര്യങ്ങൾ ഒത്തുവരുമ്പോൾ സ്നേഹം കടന്നുവരികയും ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നു. നമ്മുടെ അകമേയുള്ള മണ്ണ് പാകമായിക്കഴിഞ്ഞാൽ, ഈ കടന്നുകയറ്റത്തിന് ചാലകശക്തിയാകുന്നത് ദൈവകൃപയാണ്. ആ സ്വീകാര്യതയ്ക്കായി ഒരുങ്ങുന്നതിന്റെ ഭാഗമായി, പുതിയ ജീവന് വേരുറപ്പിക്കാനായി ആഴത്തിലുള്ള പഴയ വേരുകൾ പിഴുതെറിയപ്പെടുന്നു. നമ്മുടെ പ്രതീക്ഷകൾ, മുൻവിധികൾ, ഭയങ്ങൾ, ഇഷ്ടാനിഷ്ടങ്ങൾ, മനസ്സിൽ അടിഞ്ഞുകൂടിയ മുദ്രണങ്ങൾ, നമ്മുടേതായ കാര്യങ്ങളിലുള്ള നിർബന്ധബുദ്ധി, അതുപോലെ ആത്മീയജീവിതം നമ്മുടെ ആഗ്രഹങ്ങൾക്കനുസരിച്ച് മുന്നോട്ട് പോകണമെന്നുള്ള വാശി എന്നിവയാണ് ഈ വേരുകൾ.

കൃപ എപ്പോഴും അവിടെ കാത്തിരിപ്പുണ്ട്; നാം അതിനായി നമ്മെത്തന്നെ സജ്ജരാക്കേണ്ടതുണ്ട്. കൃപയ്ക്ക് യാതൊരുവിധ പ്രതിരോധവും നേരിടേണ്ടിവരാത്ത ഒരന്തരീക്ഷവും സ്ഥാനവും 'ശ്രദ്ധ' നമ്മുടെ ഉള്ളിൽ ഒരുക്കുന്നു. തുടർന്ന് നാം നമ്മെത്തന്നെ സ്നേഹത്തിന് സമർപ്പിക്കുന്നു. ആദ്യം നാം പറയും: "ഞാൻ വിശ്വസിക്കുന്നു." പിന്നീട് നാം പറയും: "ഞാൻ ആശ്രയിക്കുന്നു." അതിനുശേഷം, ആശ്രയം അനാവശ്യമായിത്തീരുന്നു; കാരണം, ആശ്രയിക്കുന്നവനും ആശ്രയിക്കുന്നതും തമ്മിലുള്ള അകലം അപ്രത്യക്ഷമാകുന്നു. ഒരു കടന്നുകയറ്റക്കാരനെപ്പോലെ സ്നേഹം കടന്നുവരുന്നു; ഒടുവിൽ, ഹൃദയത്തിന്റെ യഥാർത്ഥ അവകാശി താനാണെന്ന് അത് വെളിപ്പെടുത്തുന്നു.

സ്നേഹവും വ്യവഹാരവും

എങ്കിലും, സാധാരണ സ്നേഹത്തിൽ പലപ്പോഴും ഒരുതരം 'കച്ചവട' ഭാവം അടങ്ങിയിട്ടുണ്ടാകും. തിരിച്ചെന്തെങ്കിലും പ്രതീക്ഷിച്ചുകൊണ്ടാണ് നാം നൽകുന്നത് – പ്രതീക്ഷ അബോധതലത്തിലാണെങ്കിൽപോലും.

കൃപ എപ്പോഴും അവിടെ കാത്തിരിപ്പുണ്ട്; നാം അതിനായി നമ്മെത്തന്നെ സജ്ജരാക്കേണ്ടതുണ്ട്. കൃപയ്ക്ക് യാതൊരുവിധ പ്രതിരോധവും നേരിടേണ്ടിവരാത്ത ഒരന്തരീക്ഷവും സ്ഥാനവും 'ശ്രദ്ധ' നമ്മുടെ ഉള്ളിൽ ഒരുക്കുന്നു. തുടർന്ന് നാം നമ്മെത്തന്നെ സ്നേഹത്തിന് സമർപ്പിക്കുന്നു.

സ്നേഹം സ്നേഹത്തെ തേടുന്നു. ശ്രദ്ധ ശ്രദ്ധയെ തേടുന്നു. ത്യാഗം അംഗീകാരത്തെ തേടുന്നു. കരുതൽ കൃതജ്ഞതയെ തേടുന്നു.

പരസ്പരമുള്ള ഇടപെടലുകൾ പ്രതീക്ഷിച്ചതുപോലെ നടക്കുമ്പോൾ നമുക്ക് സ്നേഹം അനുഭവപ്പെടുന്നു; അല്ലാത്തപ്പോൾ നിരാശയും. ഇത് ആവശ്യങ്ങളുമായി കലർന്ന സ്നേഹമാണ്. എവിടെയൊക്കെ ആവശ്യങ്ങളുണ്ടോ, അവിടെയൊക്കെ ഭയവും കൂടെയുണ്ടാകും. കൈവശമുള്ളത് നഷ്ടപ്പെടുമെന്ന ഭയമോ, ആഗ്രഹിക്കുന്നത് ലഭിക്കില്ലെന്ന ഭയമോ, അല്ലെങ്കിൽ വിസ്മരിക്കപ്പെടുകയോ പകരക്കാരെ കണ്ടെത്തുകയോ തള്ളിക്കളയപ്പെടുകയോ ഒറ്റപ്പെടുകയോ ചെയ്യുമെന്ന ഭയമോ ഒക്കെയാകാം അത്.

ഭയം സങ്കോചിക്കുമ്പോൾ സ്നേഹം വികസിക്കുന്നു. 'എനിക്ക് എന്ത് സംഭവിക്കും?' എന്ന് ഭയം ചോദിക്കുമ്പോൾ, അങ്ങനെയൊന്ന് ചോദിക്കേണ്ട സാഹചര്യം സ്നേഹത്തിനുണ്ടാവുന്നില്ല. ഭയം അതിരുകൾ സൃഷ്ടിക്കുന്നു; സ്നേഹം അതിരുകളെ ഇല്ലാതാക്കുന്നു. ഇവ രണ്ടിനുമിടയിലുള്ള പാലമാണ് 'ശ്രദ്ധ'. 'സ്വയം സംരക്ഷിക്കുക' എന്ന് ഭയം മുന്നറിയിപ്പുതരുമ്പോൾ, 'സ്വയം വിശ്വസിക്കുക' എന്ന് 'ശ്രദ്ധ' മന്ത്രിക്കുന്നു. സ്വയം സംരക്ഷിക്കുന്നതിൽ നിന്ന് സ്വയം സമർപ്പിക്കുന്നതിലേക്കുള്ള ഈ മാറ്റം ആത്മീയ ജീവിതത്തിലെ സുപ്രധാനമായ ഒരു പരിവർത്തനമാണ്; ദൈവകൃപ സ്വീകരിക്കാൻ ഹൃദയത്തെ സജ്ജമാക്കുന്ന വഴിയാണത്.

യഥാർത്ഥ സ്നേഹം എന്നത് സൂക്ഷ്മമായൊരു അവസ്ഥയാണ്; നിശബ്ദമായും അജ്ഞാതമായും സാവധാനം നിർവഹിക്കപ്പെടുന്ന തീവ്രമായ ആന്തരിക പ്രയത്നത്തിന്റെ ഫലമാണത്. നേരെമറിച്ച്, പ്രദർശിപ്പിക്കപ്പെടുന്ന സ്നേഹം പലപ്പോഴും ഏറ്റക്കുറച്ചിലുണ്ടാക്കുന്ന ഒന്നാവും. പ്രതികരണം ആഗ്രഹിക്കുന്ന നിമിഷം തന്നെ, അതിൽ അഹങ്കാരത്തിന്റെ ലാഞ്ചനയുണ്ടാവുന്നു. ഒരു റോസാപ്പൂ വഴിയേ പോകുന്നവരുടെ നേരെ തിരിഞ്ഞ്, 'എന്റെ സുഗന്ധം നിങ്ങൾ ശ്രദ്ധിച്ചോ?' എന്ന് ചോദിക്കാറില്ല. അത് കൊടുക്കുന്നു; കാരണം, നൽകുക എന്നത് അതിന്റെ തനതായ സ്വഭാവമാണ്.

സ്നേഹവും വ്യവഹാരവും

അന്തർമണ്ഡലത്തിലെ ഏറ്റവും ആഴമേറിയ വേരുകൾ അഹങ്കാരത്തിന്റേതാണ് – അതായത്, അസ്തിത്വമെന്ന വിശാലവും അതിരുകളില്ലാത്തതുമായ മണ്ഡലത്തിൽനിന്ന് ഒരു ചെറിയ ഭാഗം വേർതിരിച്ചെടുത്ത് അതിനു ചുറ്റും വേലികെട്ടി, ആ അതിർത്തി സംരക്ഷിക്കുന്നതിനായി ജീവിതകാലം മുഴുവൻ ചെലവഴിക്കുന്ന ആ 'ഞാൻ' എന്ന വേറിട്ട ഭാവം. വേലിക്ക് ഉള്ളിലുള്ളതെല്ലാം 'എന്റേതാണ്; പുറത്തുള്ളതെല്ലാം ആകർഷകമോ ഭീഷണിപ്പെടുത്തുന്നതോ പ്രയോജനകരമോ അപ്രസക്തമോ ആവും. ബോധം ഒരു വേലികെട്ടിനുള്ളിൽ ഒതുങ്ങിനിൽക്കുമ്പോൾ അഹ

ഭയം അതിരുകൾ സൃഷ്ടിക്കുന്നു; സ്നേഹം അതിരുകളെ ഇല്ലാതാക്കുന്നു. ഇവ രണ്ടിനുമിടയിലുള്ള പാലമാണ് 'ശ്രദ്ധ'. 'സ്വയം സംരക്ഷിക്കുക' എന്ന് ഭയം മുന്നറിയിപ്പ് തരുമ്പോൾ, 'സ്വയം വിശ്വസിക്കുക' എന്ന് 'ശ്രദ്ധ' മന്ത്രിക്കുന്നു. സ്വയം സംരക്ഷിക്കുന്നതിൽ നിന്ന് സ്വയം സമർപ്പിക്കുന്നതിലേക്കുള്ള ഈ മാറ്റം ആത്മീയ ജീവിതത്തിലെ സുപ്രധാനമായ ഒരു പരിവർത്തനമാണ്; ദൈവകൃപ സ്വീകരിക്കാൻ ഹൃദയത്തെ സജ്ജമാക്കുന്ന വഴിയാണത്.

ങ്കാരം ആധിപത്യം സ്ഥാപിക്കുന്നു; ആ വേലി ഇല്ലാതാകുമ്പോൾ സ്നേഹം പൂത്തുലയും. ഇത് സംഭവിക്കുന്നതിനായി സ്നേഹം ആ വേലി തകർക്കുകയല്ല; മറിച്ച്, അതിനെ അപ്രസക്തമാക്കുകയാണ് ചെയ്യുന്നത്.

ബോധം വേലിക്കപ്പുറത്തേക്ക് വികസിക്കുമ്പോൾ, അത് 'ഞാൻ' എന്നതിൽ നിന്ന് 'നമ്മൾ' എന്നതിലേക്ക് മാറുന്നു. ആ പ്രക്രിയയിൽ, താൻ തേടിക്കൊണ്ടിരുന്ന ഒന്നിൽ നിന്നുതന്നെയാണ് താൻ സ്വയം സംരക്ഷിച്ചുകൊണ്ടിരുന്നതെന്ന് അത് തിരിച്ചറിയുന്നു. അഹങ്കാരമെന്ന അതിർവരമ്പ് യഥാർത്ഥത്തിൽ ഭയം കൊണ്ട് നിർമ്മിക്കപ്പെട്ട ഒന്നാണ്. എന്നാൽ, ഉള്ളിൽനിന്ന് അതിനെ അലിയിച്ചുകളയുന്നത് എന്താണ്? ഊഷ്മളതയാണത്. സൂര്യപ്രകാശം ഏൽക്കുമ്പോൾ ജനാലയിലെ മഞ്ഞ് അലിഞ്ഞുപോകുന്നതുപോലെ, അഹങ്കാരം അലിഞ്ഞുതീരുന്നതുവരെ സ്നേഹം ഹൃദയത്തെ ഊഷ്മളമാക്കുന്നു.

ജാലകവും വെളിച്ചവും

നാല് ഹാർട്ട്ഫുൾനസ് പരിശീലനങ്ങൾ നമ്മളിൽ സ്വീകാര്യത വളർത്താൻ സഹായിക്കുന്നു.

ധ്യാനം പ്രകാശത്തിലേക്കുള്ള ജാലകം തുറക്കുന്നു.

ധ്യാനത്തിൽ, ഹൃദയത്തിനുള്ളിലെ ദിവ്യപ്രകാശത്തിന്റെ സാന്നിധ്യത്തിലേക്ക് നാം മൃദുവായി നമ്മുടെ ശ്രദ്ധ തിരിക്കുന്നു. നിർബന്ധബുദ്ധിയാലോ ഒരു രൂപം കൃത്രിമമായി സൃഷ്ടിച്ചോ അല്ല നാം ഈ അനുഭവമുണ്ടാക്കുന്നത്; നാം അകമേ സജ്ജരാവുകയാണ് ചെയ്യുന്നത്.

ശുദ്ധീകരണം ജാലകപാളിയിലെ അഴുക്ക് നീക്കം ചെയ്യുന്നു.

മുൻകാലങ്ങളിൽ ഉണ്ടാക്കിയ മുദ്രണങ്ങൾ, പ്രവണതകൾ, വൈകാരിക ഭാരങ്ങൾ, സങ്കീർണ്ണതകൾ എന്നിവ നമ്മുടെ കാഴ്ചപ്പാടിനെ മറയ്ക്കുന്നു.

ശുദ്ധീകരണത്തിലൂടെ അവയെ നീക്കം ചെയ്യുമ്പോൾ, പ്രകാശത്തിന് കൂടുതൽ സ്വതന്ത്രമായി കടന്നുപോകാൻ സാധിക്കുന്നു.

പ്രാർത്ഥന, വിനയത്തോടെ, ദൈവകൃപയിലേക്കുള്ള ജാലകം പൂർണ്ണമായി തുറക്കുന്നു.

ആ പ്രകാശം നമ്മുടേതല്ലെന്ന് പ്രാർത്ഥന അംഗീകരിക്കുന്നു. അത് സ്വയംപര്യാപ്തതയെന്ന മിഥ്യാധാരണയെ അപ്രധാനമാക്കി, വിനയത്തോടും തുറന്ന മനസ്സോടും കൂടി, നമ്മുടേതിനേക്കാൾ വലിയൊരു ജ്ഞാനത്താൽ നയിക്കപ്പെടാനുള്ള സന്നദ്ധതയോടെ നമ്മളെ ആ ഉറവിടത്തിനു മുന്നിൽ സ്ഥാപിക്കുന്നു.

ദിവസം മുഴുവനും പ്രകാശസ്രോതസ്സിലേക്ക് അഭിമുഖമായിരിക്കുന്ന ഒരു ജാലകം പോലെ നിരന്തരസ്മരണ നിലകൊള്ളുന്നു.

ജോലി ചെയ്യുമ്പോഴും സംസാരിക്കുമ്പോഴും സേവനം അനുഷ്ഠിക്കുമ്പോഴും സൃഷ്ടികർമ്മങ്ങളിൽ ഏർപ്പെടുമ്പോഴും, മറ്റുള്ളവരെ പരിപാലിക്കുമ്പോഴും, ഹൃദയം അതിന്റെ അന്തർമുഖ ഭാവം നിലനിർത്തുന്നു. ഉത്തമവിശ്വാസത്താൽ രൂപപ്പെട്ട ആ ദിശാബോധത്തെ 'സ്മരണ' കാത്തുസൂക്ഷിക്കുന്നു.

ധ്യാനം പ്രകാശത്തെ ആവാഹിക്കുന്നു.
ശുദ്ധീകരണം തടസ്സങ്ങളെ നീക്കം ചെയ്യുന്നു.
പ്രാർത്ഥന നമ്മെ വിനയത്തോടെ അതിന്റെ ഉറവിടത്തിലേക്ക് തുറന്നുവിടുന്നു.
നിരന്തരസ്മരണ ഹൃദയത്തെ ആ ഉറവിടത്തിലേക്ക് തന്നെ തിരിച്ചുനിർത്തുന്നു.

ധ്യാനവും ശുദ്ധീകരണവും ഹൃദയാവസ്ഥയിൽ മാറ്റങ്ങൾ വരുത്തുന്നു. പ്രാർത്ഥന പരമമായ ഉറവിടവുമായുള്ള നമ്മുടെ ബന്ധം സ്ഥാപിക്കുന്നു.

നിരന്തരസ്മരണ ഹൃദയത്തിന്റെ ദിശയെ സ്ഥിരമായി നിലനിർത്തുന്നു. എന്നാൽ, ഈ പരിശീലനങ്ങൾക്കൊന്നും നൽകാൻ കഴിയാത്തത് 'കൃപ' (Grace) പ്രദാനം ചെയ്യുന്നു.

പ്രയത്നത്താൽ കൃപ സൃഷ്ടിക്കാനാവില്ല

കർഷകൻ മഴ സൃഷ്ടിക്കുന്നില്ല എന്നതുപോലെ, നമ്മളും കൃപ സൃഷ്ടിക്കുന്നില്ല. കർഷകൻ മണ്ണിനെ തയ്യാറാക്കുന്നതുപോലെ, കൃപയെ സ്വീകരിക്കാൻ നമ്മൾ നമ്മളെത്തന്നെ തയ്യാറാക്കുന്നു. കർഷകൻ കല്ലുകൾ നീക്കം ചെയ്യുകയും, മണ്ണ് ഇളക്കിമറിക്കുകയും, വിത്തുകൾ പാകുകയും, ജാഗ്രതയോടെ കാത്തിരിക്കുകയും ചെയ്യുന്നു. മഴ വരുമ്പോഴേക്കും പാടം സജ്ജമായിരിക്കും. നമ്മുടെ അത്തരം ഒരുക്കങ്ങൾ നമ്മുടെ ആത്മീയ സാധനയാണ്.

വേർതിരിവ് നമ്മളെ രണ്ട് തെറ്റുകളിൽ നിന്ന് സംരക്ഷിക്കുന്നു. അതിൽ ആദ്യത്തേത് അഹങ്കാരമാണ്; അതായത്, നമ്മുടെ ആത്മീയാവസ്ഥ നമ്മുടെ വ്യക്തിപരമായ നേട്ടമാണെന്നുള്ള വിശ്വാസം. രണ്ടാമത്തേത് നിഷ്ക്രിയത്വമാണ്; അതായത്, ദൈവകൃപ ലഭിക്കുന്നതുകൊണ്ട് തയ്യാറെടുപ്പുകളൊന്നും ആവശ്യമില്ലെന്ന തോന്നൽ. ഇവ രണ്ടും അപൂർണ്ണമാണ്. നാം ആത്മാർത്ഥതയോടെ തയ്യാറാവുന്നു; എന്നാൽ, കേവലം പരിശ്രമം കൊണ്ട് മാത്രം സാദ്ധ്യമാകാത്ത കാര്യങ്ങളെ ദൈവകൃപ സാദ്ധ്യമാക്കുന്നു.

ധ്യാനം പ്രകാശത്തെ ആവാഹിക്കുന്നു. ശുദ്ധീകരണം തടസ്സങ്ങളെ നീക്കം ചെയ്യുന്നു. പ്രാർത്ഥന നമ്മെ വിനയത്തോടെ അതിന്റെ ഉറവിടത്തിലേക്ക് തുറന്നുവിടുന്നു. നിരന്തരസ്മരണ ഹൃദയത്തെ ആ ഉറവിടത്തിലേക്ക് തന്നെ തിരിച്ചുനിർത്തുന്നു.

പ്രാണാഹുതിയും കവിഞ്ഞൊഴുകുന്ന പാത്രവും

ഒഴിഞ്ഞ പാത്രത്തിൽ നിന്ന് വെള്ളം പകർന്നുനൽകാൻ കഴിയില്ല. അതുപോലെ, മനുഷ്യബന്ധങ്ങളിലും നമ്മുടെ കൈവശമില്ലാത്തത് മറ്റൊരാൾക്ക് നൽകാൻ നമുക്ക് സാധിക്കില്ല. എങ്കിലും, ജീവിതത്തിന്റെ വലിയൊരു ഭാഗം ശൂന്യതയിൽ നിന്നുകൊണ്ട് സ്നേഹിച്ചും, നമ്മൾ നമുക്കുവേണ്ടി തീവ്രമായി ആഗ്രഹിക്കുന്ന കാര്യങ്ങൾ മറ്റുള്ളവർക്ക് നൽകാൻ ശ്രമിച്ചുമാണ് ചെലവഴിക്കുന്നത്. അതുകൊണ്ടാണ് മനുഷ്യ സ്നേഹം പലപ്പോഴും ക്ഷീണമുണ്ടാക്കുന്നതായി മാറുന്നത്. എന്തെങ്കിലും തിരിച്ചുലഭിക്കുമെന്ന പ്രതീക്ഷ നൽകുന്നതിന് പിന്നിൽ ഒളിഞ്ഞിരിക്കുന്ന തുകൊണ്ടാണ് എന്തെങ്കിലും നൽകുന്നത് ഒരു പ്രയത്നമായിത്തീരുന്നത്. സ്നേഹിക്കുന്നവർ പരസ്പരം സ്നേഹമെന്ന ഭിക്ഷ തേടുന്ന യാചകരായി മാറുന്നു!

ആത്മീയ സ്നേഹം ആരംഭിക്കുന്നത് സ്വീകരിക്കുന്നതിലൂടെയാണ്. ഹാർട്ട്ഫുൾനെസ് സമ്പ്രദായത്തിൽ, നാം ധ്യാനത്തിലിരിക്കുകയും 'പ്രാണാഹുതി' അഥവാ യോഗസംപ്രേഷണം സ്വീകരിക്കാൻ സജ്ജ രാവുകയും ചെയ്യുന്നു. ഓരോ ധ്യാനത്തിനുശേഷവും, ഏതാണ്ട് അദൃ ശ്യമായ രീതിയിൽ എന്തോ ഒന്ന് പരിവർത്തനം ചെയ്യപ്പെടുന്നു. ആ പാത്രം നിറയുന്നു; അത് നിറയുമ്പോൾ, സ്നേഹം സ്വാഭാവികമായും അനായാസമായും കവിഞ്ഞൊഴുകാൻ തുടങ്ങുന്നു. പൂർണ്ണത സ്വയം പ്രകടമാകുന്നു. ഇതാണ് സ്നേഹത്തിന്റെ രൂപാന്തരപ്പെടുത്തുന്ന ശക്തി. അത് എല്ലാത്തിനെയും മനോഹരമാക്കുകയും, ഏറ്റവും വരണ്ട ഹൃദയ ത്തിലും ജീവൻ പകരുകയും ചെയ്യുന്നു. അതിന്റെ കമ്പനശക്തി നാം സൃഷ്ടിക്കുന്നതല്ല; മറിച്ച്, നമുക്ക് ലഭിക്കുന്ന സ്നേഹത്തിന്റെ ഒരു മാധ്യ മമായി നമ്മൾ മാറുകയാണ് ചെയ്യുന്നത്.

ആ പുരോഗതിയെ നമുക്ക് ഒന്നുകൂടി പരിശോധിക്കാം:

തീവ്രമായ ആഗ്രഹം അന്വേഷണത്തെ ഉണർത്തുന്നു.
ശ്രദ്ധ ആ അന്വേഷണത്തിന് ദിശാബോധം നൽകുന്നു.
ശ്രദ്ധ സ്വീകാര്യതയെ ആഴമുള്ളതാക്കുന്നു.
സ്വീകാര്യത കൃപയെ സ്വാഗതം ചെയ്യുന്നു.
കൃപ ഹൃദയത്തെ നിറയ്ക്കുന്നു.
നിറഞ്ഞ ഹൃദയം സ്നേഹമായി കവിഞ്ഞൊഴുകുന്നു.
സ്നേഹം തന്റെ ഉറവിടത്തെ തിരിച്ചറിയുകയും ഭക്തിയായി മാറുകയും ചെയ്യുന്നു.

ഭക്തി, സ്നേഹം അതിന്റെ ഉറവിടം കണ്ടെത്തുമ്പോൾ

സ്നേഹമുണർന്നുകഴിഞ്ഞാൽ, അത് നമ്മുടെ ബന്ധങ്ങൾ, തൊഴിൽ, വ്യവഹാരം, സേവനം, ലോകത്തെ നോക്കിക്കാണുന്ന രീതി എന്നിവയിലേക്കെല്ലാം വ്യാപിക്കുന്നു. വിലയിരുത്താനുള്ള പ്രവണതയെ അത് മൃദുവാക്കുകയും വേർതിരിവിന്റെ മതിലുകളെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. തുടർന്ന്, അതിലും ആഴമേറിയ ഒരു ചലനം ആരംഭിക്കുന്നു. താൻ എവിടെനിന്നാണ് വന്നതെന്ന് സ്നേഹം ഓർക്കുന്നു; ഒരു നദി കടലിലേക്ക് ഒഴുകുന്നതുപോലെ സ്വാഭാവികമായി അത് തന്റെ ഉറവിടത്തിലേക്ക് തിരിയുന്നു. ഈ ഗതിമാറ്റമാണ് ഭക്തി. തന്റെ സ്രോതസ്സ് തിരിച്ചറിഞ്ഞ്, അതിലേക്ക് പൂർണ്ണമായി തിരിയുന്ന സ്നേഹമാണ് ഭക്തി.

പ്രിയതമനിലേക്ക് ഹൃദയം തിരിയുന്നതാണ് ശ്രദ്ധ. പ്രിയതമനാൽ ഹൃദയം നിറയുന്നതാണ് പ്രണയം. പ്രിയതമനിൽ മാത്രം നിലനിൽക്കാൻ ഹൃദയം ആഗ്രഹിക്കുന്നതാണ് ഭക്തി.

തീവ്രമായ ആഗ്രഹം, ശ്രദ്ധ, ഗ്രഹിക്കാനുള്ള സന്നദ്ധത, കൃപ, സ്നേഹം, ഭക്തി എന്നിവയൊന്നും വ്യത്യസ്തങ്ങളല്ല. ഒരു ചെടി വിത്ത്, വേര്, തണ്ട്, പൂവ്, സുഗന്ധം എന്നിങ്ങനെ വികസിക്കുകയും ഒടുവിൽ ആ സുഗന്ധം

**പ്രിയതമനിലേക്ക് ഹൃദയം തിരിയുന്നതാണ് ശ്രദ്ധ.
പ്രിയതമനാൽ ഹൃദയം നിറയുന്നതാണ് പ്രണയം.
പ്രിയതമനിൽ മാത്രം നിലനിൽക്കാൻ ഹൃദയം
ആഗ്രഹിക്കുന്നതാണ് ഭക്തി.**

തന്നെ അതിന്റെ ഉറവിടത്തിലേക്ക് തിരികെ ലയിക്കുകയും ചെയ്യുന്നതുപോലെ, ജീവിതം വികസിച്ചുവരുന്നതിന്റെ വിവിധ ഘട്ടങ്ങളാണവ.

മടക്കിനൽകുന്നതിന്റെ നിയമം

പ്രകൃതി സ്നേഹത്തിന്റെ മറ്റൊരു ഗുണം കൂടി നമ്മെ പഠിപ്പിക്കുന്നു. ഒരു മാവിനു മണ്ണ്, സൂര്യപ്രകാശം, വെള്ളം, അല്പം ചാണകം എന്നിവ ആവശ്യമാണ്. ഇത്തരം സാധാരണ വസ്തുക്കളിൽ നിന്നും അത് നീരുള്ള മധുരവും, സുഗന്ധവും, പോഷണവും, തണലും, പുതിയ ജീവനുള്ള അനന്തസാധ്യതകളും തിരികെ നൽകുന്നു. മണ്ണ്, മഴ, സൂര്യപ്രകാശം, വായു എന്നിവയിൽ നിന്ന് പോഷകങ്ങൾ സ്വീകരിച്ച് തെങ്ങ് തനിക്ക് ലഭിച്ചതിനേക്കാൾ വളരെ സമ്പന്നമായ ഒന്നായി അവയെ രൂപാന്തരപ്പെടുത്തുന്നു. ഒരു പശുവിന് പുല്ലും, കാലിത്തീറ്റയും വെള്ളവും സൂര്യപ്രകാശവും പരിചരണവും സ്നേഹവും ആവശ്യമാണ്. പ്രത്യുപകാരമായി അവൾ പോഷകസമൃദ്ധമായ പാൽ നമുക്ക് നൽകുന്നു.

പ്രകൃതി ലളിതമായതിനെ സ്വീകരിച്ച് ഉദാത്തമായതിനെ തിരികെ നൽകുന്നു.

നമ്മുടെ കാര്യമോ? നമുക്ക് ലഭിക്കുന്നത് ഏറ്റവും ഉൽകൃഷ്ടമായ വസ്തുക്കളാണ്. സൂര്യപ്രകാശം, വായു, ജലം, അസാധാരണമായ ഒരു ശരീരം, മറ്റുള്ളവരുടെ സ്നേഹം, മുൻഗാമികളുടെ ജ്ഞാനം, മാതാപിതാക്കളുടെയും അധ്യാപകരുടെയും ത്യാഗം, ഭൂമിയുടെ സമൃദ്ധി, എല്ലാറ്റിനുമുപരിയായി ദൈവകൃപയുള്ള സാധ്യത – ഇവയെല്ലാം നമുക്ക് ലഭിക്കുന്നു.

പകരം നമുക്ക് എന്ത് തിരിച്ച് നൽകാൻ കഴിയും? സൂര്യന് സൂര്യപ്രകാശമോ മേഘങ്ങൾക്ക് വെള്ളമോ തിരികെ നൽകാൻ നമുക്ക് കഴിയില്ല. കൃപയുടെ ഉറവിടത്തിലേക്ക് പ്രത്യുപകാരം ചെയ്യേണ്ടതില്ല. ദൈവികതയ്ക്ക് യാതൊരു കുറവുമില്ലാത്തതിനാൽ നമുക്ക് അത് നികത്തിക്കൊടുക്കേണ്ടതുമില്ല. നമ്മുടെ ശ്രദ്ധ അർഹിക്കുന്ന ഒരേയൊരു സമ്മാനമേയുള്ളൂ; അത് നമുക്ക് ലഭിച്ചതിനെ രൂപാന്തരപ്പെടുത്തുക എന്നത് മാത്രമാണ്.

മാവിന് വളത്തെ മധുരമായും, തെങ്ങിന് സാധാരണ ജലത്തെ പോഷകസമൃദ്ധമായ ഇളനീരായും, പശുവിന് പുല്ലിനെ പാലായും മാറ്റാൻ സാധിക്കുമെങ്കിൽ, നമുക്കും ഇത്തരമൊരു വിശുദ്ധമായ പരിവർത്തനശേഷി ഉണ്ടായിരിക്കണം.

മുറിവേൽക്കുമ്പോൾ നമുക്ക് ക്ഷമിക്കാനാവുമോ?
കോപം നേരിടുമ്പോൾ നമുക്ക് ഉൾക്കാഴ്ചയോടെ പെരുമാറാനാവുമോ?
വെറുപ്പ് നേരിടുമ്പോൾ നമുക്ക് കരുണ കാണിക്കാനാവുമോ?
അറിവ് ലഭിക്കുമ്പോൾ നമുക്ക് വിവേകം പകരാനാവുമോ?
സമൃദ്ധി ലഭിക്കുമ്പോൾ നമുക്ക് ഔദാര്യം കാണിക്കാനാവുമോ?
ദൈവകൃപ ലഭിക്കുമ്പോൾ നമുക്ക് സ്നേഹം നൽകാനാവുമോ?

മനുഷ്യനായിരിക്കുന്നതിലെ അന്തസ്സാണിത്. നമ്മളിലൂടെ കടന്നുപോകുമ്പോൾ ജീവിതം എങ്ങനെയുള്ളതായിത്തീരുന്നു എന്നതിലാണ് നമ്മുടെ മഹത്വം കുടികൊള്ളുന്നത്. ഒരു വൃക്ഷം അതിന്റെ ആന്തരികമായ പ്രവർത്തനത്തെ ഫലങ്ങളിലൂടെ പ്രകടമാക്കുന്നു; നമ്മളും അതുപോലെതന്നെയാണ്. നാം എന്തായിത്തീരാനാണ് അദ്ദേഹത്തിന് അവസരം നൽകുന്നത്, അത് കാത്തിരുന്ന് കാണാനാണ് ദൈവം ആഗ്രഹിക്കുന്നത്.

സ്നേഹം നമ്മുടെ സ്വഭാവമായി മാറുമ്പോൾ, ആരാണ് അത് തിരിച്ചറിയുന്നതെന്നോ, ആരാണ് തിരിച്ചു സ്നേഹിക്കുന്നതെന്നോ, ആരാണ്

അത് വിലമതിക്കുന്നതെന്നോ ഉള്ള ചിന്തകൾക്ക് ഒരു സ്ഥാനവുമുണ്ടാകില്ല. യഥാർത്ഥ സ്നേഹത്തിന് സാക്ഷികളുടെ ആവശ്യമില്ല; അതിന്റെ സുഗന്ധം തന്നെയാണ് അതിനുള്ള സാക്ഷ്യം.

ഹൃദയപൂർവ്വം,
കമലേഷ്

പൂജ്യ ദാജിയുടെ 71ആം ജന്മദിനത്തോടനുബന്ധിച്ച്
2026 സെപ്റ്റംബർ 28ന്
കൻഹ ശാന്തി വനത്തിൽ നൽകിയ സന്ദേശം

There's More Waiting For You

to go a little deeper

HEARTFULNESS APP

A Quiet Place to Start

Carry your practice with you — download the free app and connect with a personal trainer anytime.

Free Download. Daily practice. Trainer always Available.

Heartfulnessapp.org

MASTERCLASSES

Go Deeper at Home

Learn with Daaji relaxation, meditation, cleaning, and prayer through three freely offered video sessions.

Free Videos. Learn from Daaji. 3 classes.

Heartfulness.org/global/masterclass

RETREAT

Time for Just You

Step away from the noise and into a peaceful weekend that quietly deepens everything.

Peaceful Setting. Deepen Practice. Weekend Stays.

Heartfulness.org/global/retreat

HEARTSPOTS

Find a Centre Near You

Your nearest meditation centre is closer than you think at no cost.

6000+ Centres. Heartful Community. Free to Visit.

Heartspots.heartfulness.org

Scan to download the free app, always there when you need it.
Start with a guided session, and let the practice find its own rhythm in you.
The journey inward begins with a single, still moment.

heartfulness

purity weaves destiny